# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 57 | 2014 ഏപ്രിൽ | www.kudumbashree.org


### നൂതന സംരംഭങ്ങൾ പരിചയപ്പെടുത്തി

## കുടുംബശ്രീ എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം

**പദ്ധതി ലക്ഷ്യം നഗരപ്രദേശങ്ങളിലെ ദരിദ്രരായ കുടുംബശ്രീ അംഗങ്ങൾക്ക് വരുമാനദായക സ്വയംതൊഴിൽ പദ്ധതികളിലൂടെ സുസ്ഥിര വരുമാനം ലഭ്യമാക്കുക**



*പത്തനംതിട്ടയിൽ സംഘടിപ്പിച്ച കുടുംബശ്രീഎസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം ജില്ലാ കളക്ടർ എസ്.ഹരികിഷോർ ഉദ്ഘാടനം ചെയ്യുന്നു.*

കുടുംബശ്രീയുടെ നേതൃത്വത്തിൽ പത്തനംതിട്ടയിൽ സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം ജില്ലാ കളക്ടർ എസ്.ഹരികിഷോർ ഉദ്ഘാടനം ചെയ്തു.കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ.ബി വത്സല കുമാരി അദ്ധ്യക്ഷത വഹിച്ചു.

എസ്.ജെ.എസ്.ആർ.വൈ പദ്ധതിയുടെ കീഴിൽ മികച്ച സംരംഭക പരിശീലന ഗ്രൂപ്പുകളുടെ സഹായത്തോടെ സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക പിന്തുണാ സംവിധാനം ഒരുക്കുന്നതിനായാണ് സംരംഭക സംഗമം സംഘടിപ്പിച്ചത്.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സംരംഭക പരിശീലന ഗ്രൂപ്പുകൾ, സർക്കാരിതര സംരംഭക പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ, ജനപ്രതിനിധികൾ, പത്തനംതിട്ട,അടൂർ, തിരുവല്ല നഗരസഭാ പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങൾ എന്നിവർ മേളയിൽ പങ്കെടുത്തു. സ്വയംതൊഴിൽ രംഗത്ത് വിജയം കൈവരിച്ച വിവിധ കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾ പ്രദർശന-വിപണനത്തിനായി എത്തിയിരുന്നു.

നഗരസഭാദ്ധ്യക്ഷൻ എ.സുരേഷ് കുമാർ കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടറെ ആദരിച്ചു.കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എ.ജയകുമാർ, സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ്, ലീഡ് ബാങ്ക് ഡിസ്ട്രിക്ട് മാനേജർ കെ.എസ്.വാസുദേവൻ, നബാർഡ് എ.ജി.എം രഘുനാഥ് പിള്ള, ജില്ലാ വ്യവസായ കേന്ദ്രം മാനേജർ രാജേന്ദ്രൻ, നഗരസഭ ഉപാദ്ധ്യക്ഷ ആനി സജി, ക്ഷേമകാര്യ സ്ഥിരം സമിതി അദ്ധ്യക്ഷ കുഞ്ഞൂഞ്ഞമ്മ വർഗീസ്, അടൂർ നഗരസഭ ഉപാദ്ധ്യക്ഷ ജ്യോതി സുരേന്ദ്രൻ, മുൻ ഉപാദ്ധ്യക്ഷ സുധ പത്മ കുമാർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ, അസി.കോ-ഓർഡിനേറ്റർ എൽ.ഷീജ എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേട്ട് വി.ആർ വിനോദ് ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ എസ്.സാബിർ ഹുസൈൻ അദ്ധ്യക്ഷത വഹിച്ചു. അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.എൻ സുരേഷ്, സോഷ്യൽ ഡെവലപ്മെന്റ് ഓഫീസർ എലിസബത്ത് ജി.കൊച്ചിൽ എന്നിവർ പ്രസംഗിച്ചു.

കൂടുതൽ റിപ്പോർട്ടുകൾക്ക് 3-ാം പേജ് കാണുക



*പത്തനംതിട്ടയിൽ സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമത്തിന്റെ ഉദ്ഘാടനത്തിൽ പങ്കെടുക്കാനെത്തിയ കുടുംബശ്രീ പ്രവർത്തകർ*

## നൂതന തൊഴിൽ പദ്ധതികളുമായി സംരംഭക മേള

സ്വർണ ജയന്തി ഷഹരി റോസ്ഗാർ യോജന(എസ്.ജെ.എസ്.ആർ.വൈ) പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ എറണാകുളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ ആലുവ മഹാത്മഗാന്ധി മുനിസിപ്പൽ ടൗൺ ഹാളിൽ സംഘടിപ്പിച്ച സംരംഭക സംഗമത്തിന്റെ ഉദ്ഘാടനം അൻവർ സാദത്ത് എം.എൽ.എ നിർവഹിച്ചു. ആലുവ നഗരസഭാ വൈസ് ചെയർപേഴ്സൺ ലിസി എബ്രഹാം അദ്ധ്യക്ഷത വഹിച്ചു.



*കുടുംബശ്രീ എറണാകുളം ജില്ലാമിഷന്റെ നേതൃത്വത്തിൽ ആലുവയിൽ സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമത്തിന്റെ ഉദ്ഘാടനം അൻവർ സാദത്ത് എം.എൽ.എ നിർവഹിക്കുന്നു*

സുനിശ്ചിത വരുമാനം ഉറപ്പുവരുത്തുന്ന നിരവധി വ്യത്യസ്തവും നൂതനവുമായ സംരംഭങ്ങൾ മേളയിൽ അവതരിപ്പിച്ചു. ന്യായവില മെഡിക്കൽ സ്റ്റോർ, രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ആയുർവേദ, ഹോമിയോ, ഫിസിയോതെറാപ്പി ക്ളിനിക്, ഒപ്റ്റിക്കൽസ്, യോഗാ, എയ്റോബിക്സ് എന്നിവ ഉൾപ്പെടെ.യുള്ള സമ്പൂർണ വനിതാ ആരോഗ്യകേന്ദ്രം, ഡി.സി ബുക്ക്സ്-അക്ഷരശ്രീ, കഫേ കുടുംബശ്രീ, സുരക്ഷിതമായ വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ്, പ്രസവരക്ഷ നൽകുന്നതിനായി പരിശീലനം നേടിയ വനിതാ യൂണിറ്റ്-സൂതിക കുടുംബശ്രീ ട്രാവൽസ് തുടങ്ങിയ സംരംഭങ്ങളെക്കുറിച്ചറിയാൻ മേളയിൽ നൂറുകണക്കിന് ആളുകളാണ് എത്തിയത്.

പേജ് 2 കാണുക ⇨

### കുടുംബശ്രീ
### വയനാട് ജില്ലാമിഷൻ ഓഫീസിൽ
## വീഡിയോ കോൺഫറൻസ് സെന്റർ സ്ഥാപിച്ചു

**സംസ്ഥാനത്തെ കുടുംബശ്രീ ജില്ലാമിഷൻ ഓഫീസുകളിൽ വിഡിയോ കോൺഫറൻസ് സെന്റർ സ്ഥാപിച്ച ആദ്യ ജില്ല വയനാട്**



*കുടുംബശ്രീ വയനാട് ജില്ലാമിഷൻ ഓഫീസിൽ സ്ഥാപിച്ച വീഡിയോ കോൺഫറൻസ് സെന്റർ കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി ഉദ്ഘാടനം ചെയ്യുന്നു*

കുടുംബശ്രീ വയനാട് ജില്ലാമിഷൻ ഓഫീസിൽ വീഡിയോ കോൺഫറൻസ് സൗകര്യം ഏർപ്പെടുത്തി. കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ സ്ഥാപിച്ച വിഡിയോ കോൺഫറൻസ് സെന്ററിന്റെ ഉദ്ഘാടനം കുടുംബശ്രീ എക്സിക്യുട്ടീവ് ഡയറക്ടർ ഡോ. കെ.ബി. വത്സല കുമാരി നിർവഹിച്ചു. ജില്ലാ പ്ലാനിംഗ് ഓഫീസർ കെ.ജി. സജീവ് അദ്ധ്യക്ഷത വഹിച്ചു

ജില്ലാ പ്ലാനിംഗ് ഓഫീസ് മുഖേന രാഷ്ട്രീയ സമ വികാസ് യോജന (ആർ.എസ്.വി.വൈ) പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിഡിയോ കോൺഫറൻസ് സൗകര്യം നടപ്പാക്കിയത്. ഇതോടെ സംസ്ഥാനത്തെ ജില്ലാമിഷൻ ഓഫീസുകളിൽ വിഡിയോ കോൺഫറൻസ് സൗകര്യമുള്ള ആദ്യ ജില്ലയായി വയനാട്.

കുടുംബശ്രീ നടപ്പാക്കുന്ന കേന്ദ്ര-സംസ്ഥാന-ജില്ലാതനത് പദ്ധതികളും കൂടാതെ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് നടപ്പാക്കുന്ന പരിപാടികൾ എന്നിവ അവലോകനം നടത്താനും വേഗതയോടെ നടപ്പാക്കാനും വിഡിയോ കോൺഫറൻസിംഗിലൂടെ സാധിക്കും. 25 പഞ്ചായത്തുകളും കൽപ്പറ്റ മുനിസിപ്പാലിറ്റിയുമടക്കം 26 കുടുംബശ്രീ സി.ഡി.എസുകളെയും ഏകോപിപ്പിക്കാനും സംഘടനാ സംവിധാനം ശക്തിപ്പെടുത്താനും കോൺഫറൻസിംഗ് സൗകര്യം ഉപകരിക്കും.

വിഡിയോ കോൺഫറൻസിംഗ് സംവിധാനം പൂർണമാകുന്നതോടെ സി.ഡി.എസ് ഭാരവാഹികൾക്കും കുടുംബശ്രീ പ്രവർത്തകർക്കും അവരവരുടെ പഞ്ചായത്തുകളിൽ ഇരുന്നുകൊണ്ട് തന്നെ യോഗങ്ങളിൽ പങ്കെടുക്കാനും സംശയ നിവാരണത്തിനും കഴിയും. ഇതുവഴി യാത്ര ചെലവ്, സമയം എന്നിവ ലാഭിക്കാനുമാകും.

അമ്പലവയൽ കെ.വി.കെ, മാനന്തവാടി ജില്ലാ മെഡിക്കൽ ഓഫീസ്, പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റി എന്നി സ്ഥാപനങ്ങൾ ആരോഗ്യം, കൃഷി, മൃഗസംരക്ഷണം എന്നീ മേഖലകളിൽ കണ്ടെത്തുന്ന നൂതനാശയങ്ങൾ അവിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള എക്സ്പർട്ട് സെന്ററുകൾ മുഖേന ജില്ലയിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകർക്കും വളരെ വേഗത്തിൽ എത്തിക്കാൻ കഴിയും.

നിലവിൽ വില്ലേജ് റിസോഴ്സ് സെന്ററുകളായി ജില്ലാ പ്ലാനിംഗ് ഓഫീസ്, സുൽത്താൻ ബത്തേരി ബ്ലോക്ക് ഓഫീസ്, മാനന്തവാടി ബ്ലോക്ക് ഓഫീസ്, നൂൽപ്പുഴ, മേപ്പാടി എന്നി അഞ്ച് സെന്ററുകളും, അമ്പലവയൽ കെ.വി.കെ, മാനന്തവാടി ജില്ലാ മെഡിക്കൽ ഓഫീസ്, പൂക്കോട് വെറ്ററിനറി യൂണിവേഴ്സിറ്റി എന്നി മൂന്ന് എക്സ്പേർട്ട് സെന്ററുകളുമടക്കം എട്ട് സെന്ററുകളാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ജില്ലാ പ്ലാനിംഗ് ഓഫീസിന്റെ പദ്ധതി പൂർണമാകുന്നതോടെ ജില്ലാ പഞ്ചായത്ത് ഓഫീസ്, നാല് ബ്ലോക്ക് ഓഫീസുകൾ, 25 ഗ്രാമപഞ്ചായത്ത് ഓഫീസുകൾ, കൽപ്പറ്റ മുനിസിപ്പാലിറ്റി, കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് അടക്കം 40 സെന്ററുകൾ ജില്ലയിൽ പ്രവർത്തിക്കും. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്ന ആദ്യ ജില്ല വയനാടാണ്.

അസി. പ്ലാനിംഗ് ഓഫീസർ കെ.പി ഷാജു പദ്ധതി വിശദീകരണം നടത്തി. കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.കെ. മുഹമ്മദ് ഫൈസൽ, അസി. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ. അബ്ദുൾ സലാം, ലീഡ് ബാങ്ക് ഡിവിഷണൽ മാനേജർ എം.വി രവീന്ദ്രൻ എന്നിവർ പ്രസംഗിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി പി. മുഹമ്മദ് സ്വാഗതവും അസി. കോ-ഓർഡിനേറ്റർ കെ.കെ. മുംതാസ് കാസിം നന്ദിയും പറഞ്ഞു.

### കുഞ്ഞമ്മചേച്ചി




**അയൽക്കൂട്ട അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ് ലഭിക്കുന്ന കുടുംബശ്രീ സ്ത്രീ സുരക്ഷാ ബീമാ യോജന ഇൻഷുറൻസ് പദ്ധതിക്ക് സംസ്ഥാനത്ത് തുടക്കമായി**

### കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ
## പട്ടികവർഗ ഊരുകളിൽ അദാലത്ത്

പട്ടികവർഗ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ പട്ടികവർഗ ഊരുകളിൽ പ്രശ്ന പരിഹാര അദാലത്ത് സംഘടിപ്പിച്ചു

ജില്ലാ ഭരണകൂടത്തിന്റെ സഹകരണത്തോടെ പുതുശ്ശേരി പഞ്ചായത്തിലെ വാദ്ധ്യാർചള്ള, പെരുമാട്ടി പഞ്ചായത്തിലെ മല്ലൻചള്ള, കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപാറ എന്നീ കോളനികളിലാണ് അദാലത്ത് നടത്തിയത്. പട്ടികവർഗ വിഭാഗങ്ങളും വിവിധ സർക്കാർ വകുപ്പുകളും തമ്മിലുള്ള അകലം കുറയ്ക്കുക, പട്ടികവർഗ വിഭാഗങ്ങൾക്ക് അവരുടെ പ്രശ്നങ്ങൾ ബോധിപ്പിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും വേദിയൊരുക്കുക, സർക്കാർ വകുപ്പുകളുടെ സഹായം ലഭ്യമാക്കി ആദിവാസികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരികയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെയാണ് അദാലത്ത് സംഘടിപ്പിച്ചത്.

ജില്ലയിലെ വിവിധ കോളനികളിൽ താമസിക്കുന്ന പട്ടികവർഗ വിഭാഗം നേരിടുന്ന അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങൾ, റേഷൻകാർഡ് ലഭ്യമാക്കൽ, തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്ട്രേഷൻ, തൊഴിലില്ലായ്മ വേതനം ലഭ്യമാക്കൽ, ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ അംഗത്വം, ആരോഗ്യ-ശുചിത്വ -പ്രശ്നങ്ങൾ എന്നിവയ്ക്കാണ് അദാലത്തിലൂടെ പരിഹാരമായത്.



*കുടുംബശ്രീ പാലക്കാട് ജില്ലാമിഷന്റെ നേതൃത്വത്തിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ മല്ലൻചള്ള കോളനിയിൽ സംഘടിപ്പിച്ച അദാലത്ത് ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു*

പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ മല്ലൻചള്ള കോളനിയിൽ സംഘടിപ്പിച്ച അദാലത്ത് ജില്ലാ കളക്ടർ കെ.രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുരേഷ് അദ്ധ്യക്ഷത വഹിച്ചു.

പേജ് 2 കാണുക ⇨

അദാലത്ത്
ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

കോളനി നിവാസികളായ 110 പേർ അദാലത്തിൽ പങ്കെടുത്തു. ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിൽ മുൻകൂട്ടി ലഭിച്ച 82 പരാതികൾ ജില്ലാ കളക്ടറുടെയും അതത് വകുപ്പിലെ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ പരിഹരിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദുരുപയോഗം, അവ ഒഴിവാക്കേണ്ട ആവശ്യകത എന്നിവയെ കുറിച്ച് അസി.എക്സൈസ് ഇൻസ്പെക്ടർ വി.ജി.കുര്യാക്കോസ് ബോധവൽക്കരണ ക്ളാസ് നയിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണികൃഷ്ണൻ സ്വാഗതം പറഞ്ഞു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീബ രാധാകൃഷ്ണൻ ആശംസാ പ്രസംഗം നടത്തി. അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ എ.മൊയ്തീൻ കൃതജ്ഞത പറഞ്ഞു.

കെ.എസ്.ഇ.ബി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എസ്.ബീന, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഇ. ദീപ, പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ സി.മുരളി, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഷാജി.എസ്.രാജൻ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എൻ.സതീഷ് കുമാർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ സന്തോഷ് കുമാർ, പഞ്ചായത്ത് സെക്രട്ടറി എസ്.രാമനുണ്ണി, ഐ.സി.ഡി,എസ് സൂപ്പർവൈസർ കെ.എൻ ശശികല, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ.പത്മനാഭനുണ്ണി തുടങ്ങിയവർ പങ്കെടുത്തു.

### വാദ്ധ്യാർ കോളനി
**(പുതുശ്ശേരി പഞ്ചായത്ത്)**



ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിൽ ലഭിച്ച 101 പരാതികൾക്കും അദാലത്ത് യോഗത്തിൽ ലഭിച്ച 15 പരാതികൾക്കും ഡെപ്യൂട്ടി കളക്ടർ ബാബു ജയറാമിന്റെ നേതൃത്വത്തിൽ പരിഹാരം കണ്ടെത്തി. വിവിധ വകുപ്പുകളിൽ നിന്നായി 27 ഉദ്യോഗസ്ഥരും കോളനി നിവാസികളായ 120 പേരും അദാലത്തിൽ പങ്കെടുത്തു.

### കവിളുപാറ
**(കിഴക്കഞ്ചേരി പഞ്ചായത്ത്)**



ജില്ലയിലെ വിവിധ വകുപ്പുകൾക്ക് കീഴിൽ ലഭിച്ച 82 പരാതികൾ ഡെപ്യൂട്ടി കളക്ടർ ബാബു ജയറാമിന്റെ നേതൃത്വത്തിൽ പരിഹരിച്ചു. വിവിധ വകുപ്പുകളിൽ നിന്ന് 35 ഉദ്യോഗസ്ഥരും കോളനി നിവാസികളായ 86 പേരും അദാലത്തിൽ പങ്കെടുത്തു.

## കുടുംബശ്രീ ബാലപാർലമെന്റ്: ജില്ലാതല ഉദ്ഘാടനം നടത്തി

മലപ്പുറം ജില്ലയിലെ തെന്നല ഗ്രാമപഞ്ചായത്തിൽ കുടുംബശ്രീ ബാലപാർലമെന്റിന്റെ ജില്ലാതല ഉദ്ഘാടനം അബ്ദു റഹിമാൻ രണ്ടത്താണി എം.എൽ.എ. നിർവഹിച്ചു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.കെ.കുഞ്ഞു അദ്ധ്യക്ഷത വഹിച്ചു.

മുഖ്യമന്ത്രിയായി അമൃത കൃഷ്ണൻ, പ്രതിപക്ഷ നേതാവായി അബ്ദു റഹ്മാൻ ഇല്ലത്ത്, സാംസ്കാരിക വകുപ്പ് മന്ത്രിയായി ആയിഷ എന്നിവരുടെ പ്രകടനം ഏറെ ശ്രദ്ധേയമായി. ഗവർണറുടെ നയപ്രഖ്യാപനം, ചോദ്യോത്തരവേള, അടിയന്തര പ്രമേയാവതരണം എന്നിവയും ബാലപാർലമെന്റിനോടനുബന്ധിച്ച് നടന്നു. മികച്ച പ്രകടനം കാഴ്ച വച്ച ബാലസഭാംഗങ്ങളെ എം.എൽ.എ അഭിനന്ദിച്ചു.

കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗവും തിരൂർ ബ്ളോക്ക് പ്രസിഡന്റുമായ അബ്ദുള്ളക്കുട്ടി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ സജയ്, ബാലസഭാ കൺസൾട്ടന്റ് റിയാസ്, ബാലസഭാ ബ്ളോക്ക് കോ-ഓർഡിനേറ്റർ അബ്ദു റഹിം, ഹെൽത്ത് ഇൻസ്പെക്ടർ എൻ.എം.ബഷീർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ കദീജക്കുട്ടി, തെന്നല ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് മാതോളി നഫീസു, വൈസ് പ്രസിഡന്റ് അഷ്റഫ് തെന്നല, പെരുമണ്ണ ക്ളാരി പഞ്ചായത്ത് പ്രസിഡന്റ് സി.എ റസാഖ്, വേങ്ങര ബ്ളോക്ക് മെമ്പർ എം.പി കുഞ്ഞിമൊയ്തീൻ, ക്രസന്റ് ജസീറ, പഞ്ചായത്ത് ജനപ്രതിനിധികളായ അഫ്സൽ, ബാബുരാജ് എം.വി, കുഞ്ഞിമൊയ്തീൻ, ആലി ബാപ്പു ഹാജി, നസീമ, ചൈൽഡ് ലൈൻ ജില്ലാ കോ-ഓർഡിനേറ്റർ സലീം, അഡ്വ.ആരിഫ്, സി.ഡി.എസ് ചെയർപേഴ്സൺ യാസ്മിൻ അരിമ്പ്ര എന്നിവർ പ്രസംഗിച്ചു.

## ഇന്ന് ഞാൻ...



## പ്രതികരിക്കാൻ പഠിപ്പിച്ച കുടുംബശ്രീ

ഇടുക്കി ജില്ലയിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിൽ കണയങ്കവയലെന്ന കൊച്ചു ഗ്രാമത്തിലാണ് കഴിഞ്ഞ16 വർഷങ്ങളായി ഞാനും എന്റെ കുടുംബവും താമസിക്കുന്നത്.

16 വർഷം മുമ്പ് കുടുംബശ്രീ എന്ന പ്രസ്ഥാനത്തിന് സംസ്ഥാനത്ത് തുടക്കമിട്ട കാലത്ത് ഞങ്ങൾ 14 സ്ത്രീകൾ ചേർന്ന് 'അമല സ്വയം സഹായ സംഘം' എന്നൊരു ഗ്രൂപ്പ് രൂപീകരിച്ചു. ഈ സ്വയംസഹായ സംഘം മൂന്ന് വർഷത്തോളം വളരെ ഭംഗിയായി നീങ്ങി. ഏറ്റവും നല്ല ഒരു ഗ്രൂപ്പെന്ന ഖ്യാതിയും ഞങ്ങൾ സ്വന്തമാക്കി. ഞങ്ങളുടെ ഗ്രൂപ്പിന്റെ വാർഷിക ദിനം ഞങ്ങൾ വിപുലമായ കലാപരിപാടികളോടെ നടത്തി. ഞങ്ങൾക്ക് ബ്ലോക്കിൽ നിന്ന് 10,000/- രൂപ ഗ്രാന്റും ലഭിച്ചു. ബാങ്കിൽ നിന്ന് ഒരു ലോണെടുത്തു. ആ തുക ഞങ്ങളുടെ ഗ്രൂപ്പിലെ ആവശ്യക്കാർക്കു വീതിച്ചുകൊടുത്തു. നല്ല രീതിയിൽ ഒരു പലചരക്കു കച്ചവടവും നടത്തി.

ഈ ബാങ്ക് വായ്പയ്ക്ക് ആറുമാസമായിരുന്നു കാലാവധി. ആറാം മാസം വായ്പയെടുത്തിരുന്നവർ ഉണ്ടായിരുന്നതൊക്കെ വിറ്റുപെറുക്കിയും കെട്ടുതാലി വിറ്റും വായ്പയെടുത്ത തുകയും പലിശയും ചേർത്ത് സംഘം സെക്രട്ടറിയെ ഏൽപ്പിച്ചു. ഒരു ബാധ്യത ഒഴിഞ്ഞല്ലോ എന്ന ആശ്വസമായിരുന്നു എല്ലാവർക്കും,

പക്ഷേ കുറേ നാളുകൾക്കു ശേഷം ബാങ്കിൽ നിന്ന് ജപ്തി നോട്ടീസ് വന്നപ്പോഴാണ് ബാങ്കിൽ അടയ്ക്കാൻ കൊടുത്ത തുക സെക്രട്ടറി ബാങ്കിൽ അടച്ചില്ലെന്ന് ഞങ്ങൾ അറിയുന്നത്. അങ്ങനെ വഴക്കും ബഹളവുമായി. അതോടെ ഗ്രൂപ്പിന്റെ പ്രവർത്തനം അവസാനിച്ചു.

പിന്നീട് ഞാൻ ഉൾപ്പെടെ പഴയ ഗ്രൂപ്പിലെ പത്ത് പേർ ചേർന്ന് വിമല എന്നൊരു ഗ്രൂപ്പ് രൂപീകരിച്ചു. എങ്കിലും കുടുംബശ്രീയോട് എനിക്ക് ആത്മബന്ധമുണ്ടാകുന്നതിന് കാരണമായ സംഭവം നടന്നത് ആറു വർഷം മുമ്പാണ്.

ഞങ്ങൾക്ക് ആകെയുണ്ടായിരുന്ന മൺകട്ട വച്ച കൊച്ചുവീട് ഇടിമിന്നലേറ്റ് തകർന്നു. എപ്പോൾ നിലം പൊത്തുമെന്നറിയാത്ത സ്ഥിതി. വേറെയെങ്ങും പോകാനിടമില്ല. ഭർത്താവ് എന്നെയും പറക്കമുറ്റാത്ത നാല് കുഞ്ഞുങ്ങളെയും പോറ്റാൻ വീട്ടിൽ നിന്ന് മാറി പല സ്ഥലങ്ങളിലായി ജോലിക്കു പോയി. വീട്ടിൽ ഞാനും നാല് കുഞ്ഞുങ്ങളും മാത്രം.

എന്റെയും വീടിന്റെയും ദയനീയാവസ്ഥ കണ്ട് ഗ്രാമസഭയിൽ എനിക്ക് വീട് അനുവദിച്ചു. ആദ്യവർഷം ഒന്നാമതായി പേരു വന്നെങ്കിലും അൽപം മുൻവൈരാഗ്യം മനസിലുണ്ടായിരുന്ന മെമ്പർ അതു തടഞ്ഞു

രണ്ടാം തവണ പേരിനോടൊപ്പം വീട്ടുപേരെഴുതി ചേർത്തപ്പോൾ മാറിപ്പോയി എന്നു പറഞ്ഞ് അനുവദിച്ചില്ല. മൂന്നാംതവണ ഇയാൾക്ക് കൊടുത്തതിനു ശേഷം ഈ വാർഡിൽ മറ്റൊരു വീടനുവദിച്ചാൽ മതിയെന്ന് ഗ്രാമസഭ മിനുട്സിൽ രേഖപ്പെടുത്തിയെങ്കിലും ഫലമുണ്ടായില്ല.



**ആൻസി ജോസ്**

നിരാശയോ സങ്കടമോ ദയനീയതയോ എന്തെന്നറിയില്ല. പുറംലോകം കാണാത്ത ഞാൻ പ്രതികരിക്കാൻ പഠിച്ചത് അവിടെ നിന്നാണ്. മുഖ്യമന്ത്രിക്ക് നേരിട്ട് പരാതി കൊടുത്തു. ഇതിനിടെ എന്റെ കുടുംബത്തിന്റെ ദയനീയ സ്ഥിതി മനസിലാക്കിയ സി.ഡി.എസ് ചെയർപേഴ്സൺ സുനിത സജീവ് ഭവനശ്രീയിൽ നിന്നും വീടു വയ്ക്കാൻ വായ്പയെടുത്തു തന്നു. എന്നെ ദയനീയ സാഹചര്യത്തിൽ സഹായിച്ച ആ സുഹൃത്തിനെ ഒരിക്കലും മറക്കാൻ കഴിയില്ല. ഇതാണ് എന്നെ കുടുംബശ്രീയിലേക്കടുപ്പിച്ച ആദ്യത്തെ സംഭവം.

സ്ത്രീകൾ എവിടെ യാതന അനുഭവിക്കുന്നുവോ അവരെ കൈപിടിച്ചു നടത്താൻ കുടുംബശ്രീക്ക് കഴിയുമെന്ന് ഞാൻ മനസ്സിലാക്കി. ഇതിനിടെ എനിക്ക് കിട്ടാതെ പോയ ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യവും എനിക്ക് ലഭിച്ചു.

കുടുംബശ്രീയുടെ പ്രവർത്തന മേഖലകൾ വളരെ വലുതാണ്. ആന്തരിക വായ്പകളും ലിങ്കേജ് വായ്പകളും ജെ.എൽ.ജിയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും മൈക്രോ സംരംഭങ്ങളും ക്ഷീരസാഗരവും ഒക്കെ പരമാവധി പ്രയോജനപ്പെടുത്തുവാൻ ഞങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

തൊഴിലുറപ്പു പദ്ധതിയെ ഏറെ ഇഷ്ടപ്പെടുന്ന ഞങ്ങൾക്ക് എല്ലാ വർഷവും 100 തൊഴിൽ ദിനങ്ങൾ ഒറ്റയ്ക്കു പൂർത്തീകരിക്കുവാനും സാധിച്ചിട്ടുണ്ട്.

ഞങ്ങൾ 10 രൂപ വീതം സൂക്ഷിച്ചു നിക്ഷേപിച്ചതിൽ നിന്ന് വായ്പയെടുത്താണ് പലരും മക്കളെ പഠിപ്പിച്ചത്. പെൺകുട്ടികളുടെ വിവാഹം നടത്താനും വീട് വയ്ക്കാനും ഭൂമി വാങ്ങിക്കാനുമൊക്കെ ഞങ്ങൾ ബാങ്ക് വായ്പകൾ ഉപയോഗിച്ചു. ഇതെല്ലാം ഞങ്ങൾക്ക് സാധിച്ചത് പരസ്പര സഹകരണം കൊണ്ടാണ്. വീടു വയ്ക്കുന്ന സംഘാംഗങ്ങളെ സഹായിക്കാൻ ഞങ്ങൾ കട്ടയും മണലും ചുമന്നു. സാധിക്കുന്നതുപൊലെയൊക്കെ സഹായിച്ചു. ഞങ്ങൾ കൂട്ടായി കൃഷി ചെയ്തു. കൃഷിയിൽ നിന്നു കിട്ടുന്ന വരുമാനം വീതിച്ച് ഞങ്ങളുടെ കുടുംബത്തിൽ ഭർത്താവിനോടൊപ്പം കൈത്താങ്ങായി നിന്നു.ഇന്ന് ഞങ്ങൾക്ക് അഭിമാനത്തോടെ പറയാൻ സാധിക്കും.

ഇന്ന് ഞങ്ങളുടെ ഗ്രൂപ്പിൽ വീടില്ലാത്തവരില്ല. കൃഷിഭൂമി ഇല്ലാത്തവരില്ല. പരസ്പരം സ്നേഹസൗഹൃദങ്ങളും വിഷമങ്ങളും പങ്കുവയ്ക്കാൻ ഒരു അഭയസ്ഥാനം കൂടിയാണിത്.

**ഇടുക്കി ജില്ലയിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിലെ കണയങ്കവയൽ പതിനാറാം വാർഡിലെ വിമല അയൽക്കൂട്ട അംഗവും എ.ഡി.എസ് സെക്രട്ടറിയുമായ ആൻസി ജോസിന്റെ വിജയാനുഭവ കഥയിൽ നിന്ന്**

## പണിയ ശതദിന പരിപാടി: ഏകദിന ശിൽപശാല നടത്തി

പണിയ ശതദിന പരിപാടിയുടെ ഭാഗമായി വയനാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, വൈസ് പ്രസിഡന്റുമാർ, സി.ഡി.എസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ എന്നിവർക്ക് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എൻ.കെ. റഷീദ് ശിൽപശാല ഉദ്ഘാടനം ചെയ്തു. പനമരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.കെ. അസ്മത്ത് അദ്ധ്യക്ഷത വഹിച്ചു.

പണിയ വിഭാഗത്തിന്റെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന ശതദിന പരിപാടി 105 ഊരുകളിലാണ് നടപ്പാക്കുന്നത്. ജില്ലയിലെ 21 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 72 ഊരുകളിൽ പരിപാടി നടപ്പാക്കാനായിരുന്നു നേരത്തെ തീരുമാനിച്ചിരുന്നത്. ഇതനുസരിച്ച് അഞ്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലായി 33 ഊരുകളെ കൂടി പുതുതായി ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പാക്കുക. സർക്കാരിന്റെ ശതദിന പരിപാടിയുടെ ഭാഗമായി പട്ടികവർഗ വികസന വകുപ്പും കുടുംബശ്രീയും സംയുക്തമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

അനൗപചാരിക പഠനാലയം, പഠനാലയ അധ്യാപകർ, കമ്മ്യൂണിറ്റി കിച്ചൺ, ഭക്ഷണ വിതരണം, കൈവിളക്ക് വായനശാല, ഊര് ശുചീകരണം, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.

വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ സി. അസൈനാർ, ഐ.വി. മൃണാളിനി, കെ.ബി. നസീമ, ലിൻഡ ജോൺ, റോസി തോമസ്, ലിസി ജോസ്, ബിന്ദു ബാബു എന്നിവർ പ്രസംഗിച്ചു.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് സ്വാഗതവും എൻ.പി. ഷിബു നന്ദിയും പറഞ്ഞു.

സംരംഭക മേള
ഒന്നാം പേജിൽ നിന്നും തുടർച്ച ⇨

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ടാനി തോമസ് സ്വാഗതം പറഞ്ഞു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സല കുമാരി പദ്ധതി വിശദീകരണം നടത്തി. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എ.ജയകുമാർ, സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ് എന്നിവർ വിഷയാവതരണം നടത്തി.

കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്. സലിം, കുടുംബശ്രീ ഗവേണിംഗ് ബോഡി അംഗം ഷേർളി സ്റ്റീഫൻ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.സി. രാജൻ എന്നിവർ ആശംസാ പ്രസംഗം നടത്തി. അസി. കോ-ഓർഡിനേറ്റർ കെ. സിൻസി മോൾ ആന്റിണി കൃതജ്ഞത പറഞ്ഞു.

## സംഘകൃഷിക്ക് വിജയം – നാടിനു ഭക്ഷ്യസുരക്ഷ: കോട്ടയം ജില്ലയിൽ 95 ഏക്കറിൽ കുടുംബശ്രീ കൊയ്ത്തുത്സവം



*കോട്ടയം ജില്ലയിൽ മാഞ്ഞൂർ ഗ്രാമപഞ്ചാത്തിലെ പാണ്ടൻകരി പാടശേഖരത്തിലെ 95 ഏക്കർ പാടത്ത് കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച കൊയ്ത്തുത്സവം*

ദാരിദ്ര്യ നിർമാർജനവും ഭക്ഷ്യസുരക്ഷയും ലക്ഷ്യമാക്കി കുടുംബശ്രീ മിഷൻ നടത്തിവരുന്ന സംഘകൃഷി പദ്ധതി കൂടുതൽ മിഴിവുറ്റതാകുന്നു. കോട്ടയം ജില്ലയിൽ മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ പാണ്ടൻകരി പാടശേഖരത്തിലെ 95 ഏക്കർ സ്ഥലത്ത് നെൽകൃഷി വിജയകരമായി നടത്തിയാണ് 17 സംഘകൃഷി ഗ്രൂപ്പുകൾ നാടിന് മാതൃകയായത്.

പരമ്പരാഗത കൊയ്ത്തുത്സവങ്ങൾ, വിള മഹോത്സവങ്ങൾ തുടങ്ങിയ സമ്പ്രദായങ്ങളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് കുടുംബശ്രീ മിഷൻ വിവിധ കാർഷിക വിളകളുടെ കൊയ്ത്തുത്സവങ്ങൾ ആസൂത്രണം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായണ് മാഞ്ഞൂർ പഞ്ചായത്തിലെ പാണ്ടൻകരി പാടശേഖരത്ത് 17 സംഘകൃഷി ഗ്രൂപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നെൽകൃഷിയുടെ കൊയ്ത്തുത്സവം കുടുംബശ്രീ മിഷൻ ഉദ്യോഗസ്ഥരുടെയും മാഞ്ഞൂർ കുടുംബശ്രീ സിഡിഎസിന്റേയും നേതൃത്വത്തിൽ സംഘടിപ്പിച്ചത്

ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ കീഴിൽ ഉൾപ്പെട്ട മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 2320- ഓളം സംഘകൃഷി ഗ്രൂപ്പുകൾ കൃഷിചെയ്തു വരികയാണ്. മാഞ്ഞൂർ കുടുംബശ്രീ സിഡിഎസിന്റെ കീഴിൽ അറുന്നൂറോളം സ്ത്രീകൾ ഉൾപ്പെടുന്ന നൂറ്റിപ്പത്തോളം സംഘകൃഷി ഗ്രൂപ്പുകൾ കാർഷിക മേഖലയിൽ സജീവമാണ്. ഈ ഗ്രൂപ്പുകൾക്ക് കുടുംബശ്രീ ജില്ലാമിഷൻ നടത്തിവരുന്ന പരിശീലന പരിപാടികൾ കാർഷിക മേഖലയിൽ അവരുടെ കഴിവും വൈദഗ്ധ്യവും വർദ്ധിപ്പിക്കുന്നതോടൊപ്പം നൂതന സാങ്കേതിക കൃഷി രീതികൾ പഠിക്കുന്നതിന് ഏറെ സഹായകരമാകുകയും ചെയ്യുന്നുണ്ട്.

ഇത്തരം സംഘകൃഷി ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ കർഷക സഹായ കേന്ദ്രങ്ങളിലൂടെ കർഷകർക്കാവശ്യമായ വിത്ത്, വളം, വനിതാ സഹായ കാർഷിക ഉപകരണങ്ങൾ എന്നിവ നൽകുന്നുണ്ട്. കൂടാതെ അനുബന്ധ പരിശീലന പരിപാടികളും നടപ്പാക്കുന്നു.

സംഘകൃഷി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും നിർദേശങ്ങൾ നൽകുന്നതിനുമായി പരമ്പരാഗത കൃഷിയിൽ വൈദഗ്ധ്യം നേടിയ മാസ്റ്റർ കർഷകരുടെ സേവനവും കുടുംബശ്രീ മിഷൻ മുഖേന ലഭ്യമാക്കുന്നുണ്ട്.

അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സുദർശൻ.എൽ, കൺസൾട്ടന്റുമാരായ അനൂപ് ചന്ദ്രൻ, രാജേഷ്. പി.ആർ, ബിനീഷ് സെബാസ്റ്റ്യൻ, മനു. കെ.ജി, സിഡിഎസ് ചെയർപേഴ്സൺ ശ്രീദേവി, എം.കെ..എസ്.പി ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, പ്രാദേശിക കർഷകർ എന്നിവർ പങ്കെടുത്തു.

# വരുമാനദായക സ്വയംതൊഴിൽ പദ്ധതികളിലൂടെ സുസ്ഥിര വരുമാനം: എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം ജില്ലകളിലൂടെ

▪സ്വർണ ജയന്തി ഷഹരി റോസ്ഗാർ യോജന പദ്ധതി പ്രകാരം സംഘടിപ്പിച്ച സംരംഭകമേള ▪നഗരദാരിദ്ര്യ നിർമാർജനത്തിന് നൂതനവും വ്യത്യസ്തവുമായ സംരംഭങ്ങൾ-ഒപ്പം മികച്ച വരുമാനവും ▪ ജില്ലകളിൽ സംരംഭക മേളയെ വരവേറ്റത് ആയിരങ്ങൾ

## കണ്ണൂർ



*കണ്ണൂർ ജില്ലയിൽ നടന്ന കുടുംബശ്രീ എസ്.ജെ.എസ്.ആർ,വൈ സംരംഭക സംഗമം കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ.ഖാദർ മാങ്ങാട് ഉദ്ഘാടനം ചെയ്യുന്നു*

കുടുംബശ്രീയുടെ നേതൃത്വത്തിൽ കണ്ണൂർ ജില്ലയിൽ സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ,വൈ സംരംഭക സംഗമം കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ.ഖാദർ മാങ്ങാട് ഉദ്ഘാടനം ചെയ്തു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എം.വി പ്രേമരാജൻ അദ്ധ്യക്ഷത വഹിച്ചു.

നഗരപ്രദേശങ്ങളിലെ സ്വയംതൊഴിൽ പദ്ധതികളിലേക്ക് അനുയോജ്യരായ സംരംഭകരെ കണ്ടെത്തുന്നതിനും സംരംഭങ്ങൾ ആരംഭിച്ച് സുസ്ഥിര വരുമാനം ഉറപ്പു വരുത്തുന്നതിനുമാണ് സംഗമം സംഘടിപ്പിച്ചത്.

സംരംഭകർക്ക് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും പിന്തുണാ സംവിധാനങ്ങളും ലഭ്യമാക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. നൂതന സംരംഭങ്ങൾ പരിചയപ്പെടുത്തുന്നതിനും അവ വിജയകരമായി നടപ്പാക്കുന്നതിനുമുള്ള സാങ്കേതികജ്ഞാനം നൽകാനുതകുന്ന പ്രദർശനവും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

ജില്ലാ ലീഡ് ബാങ്ക് മാനേജർ ജയറാം വി.ടി സംരംഭക പ്രദർശനം ഉദ്ഘാടനം ചെയ്തു. തിരഞ്ഞെടുത്ത സംരംഭക ഏജൻസികളുടെ പ്രതിനിധികൾ തങ്ങളുടെ ആശയങ്ങൾ അവതരിപ്പിച്ചു. തുടർന്ന് ജില്ലയിലെ കുടുംബശ്രീ സംരംഭകർ തങ്ങളുടെ വിജയാനുഭവങ്ങൾ പങ്കു വച്ചു. ജില്ലയിലെ ആറ് മുനിസിപ്പൽ പ്രദേശങ്ങളിൽ നിന്നായി 530 പേർ സംരംഭക മേളയിൽ പങ്കെടുത്തു.

ജില്ലാ അസിസ്റ്റന്റ് എംപ്ലോയ്മെന്റ് ഓഫീസർ രമാദേവി, കനറാ ബാങ്ക് മാനേജർ മോഹൻ, ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഷാഹുൽ ഹമീദ് എന്നിവർ ആശംസാ പ്രസംഗം നടത്തി. അസി.കോ-ഓർഡിനേറ്റർ ഉസ്മാൻ കൃതജ്ഞത പറഞ്ഞു.



*കണ്ണൂരിൽ ജില്ലാ ലീഡ് ബാങ്ക് മാനേജർ ജയറാം വി.ടി കുടുംബശ്രീ സംരംഭക പ്രദർശനം ഉദ്ഘാടനം ചെയ്യുന്നു*

## സംരംഭക സംഗമത്തിൽ പങ്കെടുത്ത ഏജൻസികൾ

തിരഞ്ഞെടുത്ത സംരംഭക ഏജൻസികളായ വി.കെയർ എൺവയോൺമെന്റൽ സർവീസ്, ബി.സി.ജി.ഹെൽത്ത് കെയർ, ജെൻഡർ പാർക്ക്, ഡി.സി.ബുക്ക്സ്-അക്ഷരശ്രീ, മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്, ലാർസൺസ് എഞ്ചിനീയറിംഗ് വർക്സ്, പശ്ചിം ബയോ സ്പേസ് റിസർച്ച് പാർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, റെയിൽ കൺസേർട്ട് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്, കുര്യൻസ് കൂട്-കോഴിക്കൂട്ടം, കുടുംബശ്രീ ട്രാവൽസ്, ഐഫ്രം-ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് റിസർച്ച് ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, എന്നിവ എല്ലാ ജില്ലകളിലും പങ്കെടുക്കുകയും അനുബന്ധ ബിസിനസ് ആശയങ്ങൾ അവതരിപ്പിക്കുകയും ചെയ്തു.കൂടാതെ വിവിധ പരിശീലന-മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്സ് ഗ്രൂപ്പുകളുടെ തിരഞ്ഞെടുക്കപ്പെട്ട പ്രൊജക്ടുകൾ അവതരിപ്പിച്ചു.

## തിരുവനന്തപുരം



*കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം ജില്ലാ കളക്ടർ ബിജു പ്രഭാകർ ഉദ്ഘാടനം ചെയ്യുന്നു*

കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം ജില്ലാ കളക്ടർ ബിജു പ്രഭാകർ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി അദ്ധ്യക്ഷത വഹിച്ചു.

ജില്ലയിലെ നഗരസഭാ പ്രദേശങ്ങളിലെ പ്രാഥമിക സംരംഭക പരിശീലനം നേടിയ സംരംഭകരാണ് മേളയിൽ പങ്കെടുത്തത്. ഇതിനായി തിരഞ്ഞെടുത്ത സംരംഭക ഏജൻസികൾ അതത് മേഖലയിലെ നൂതന ആശയങ്ങൾ പങ്കു വയ്ക്കുന്ന ദൃശ്യാവതരണം നടത്തി. നഗരസഭാ സി.ഡി.എസ് ചെയർപേഴ്സൺമാർ പദ്ധതി ആസൂത്രണവും വിലയിരുത്തലും നടത്തി.

ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ ഗീതാ ഫിലിപ്പ് സ്വാഗതം പറഞ്ഞു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എ.ജയകുമാർ പദ്ധതി വിശദീകരണം നടത്തി. ലീഡ് ബാങ്ക് ഡിസ്ട്രിക്ട് മാനേജർ എൽ ബാലകുമാരൻ, ഫെഡറൽ ബാങ്ക് ചീഫ് മാനേജർ ഷിബു തോമസ് എന്നിവർ ആശംസാ പ്രസംഗം നടത്തി.

വിവിധ ബാങ്ക് പ്രതിനിധികൾ, കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ് സലിം, ജില്ലാമിഷൻ അസി.കോ-ഓർഡിനേറ്റർമാരായ സിനി.എ, അബ്ദുൾ ഗഫാർ എ, സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ് തുടങ്ങിയവർ പങ്കെടുത്തു. അസി.കോ-ഓർഡിനേറ്റർ ശ്രീലത എൽ.കൃതജ്ഞത പറഞ്ഞു.

## ഇടുക്കി



*കുടുംബശ്രീ ഇടുക്കി ജില്ലാമിഷന്റെ നേതൃത്വത്തിൽ തൊടുപുഴയിൽ സംഘടിപ്പിച്ച സംരംഭക സംഗമം കളക്ടർ അജിത് പാട്ടീൽ ഉദ്ഘാടനം ചെയ്യുന്നു*

കുടുംബശ്രീ ഇടുക്കി ജില്ലാമിഷന്റെ നേതൃത്വത്തിൽ തൊടുപുഴയിൽ സംഘടിപ്പിച്ച സംരംഭക സംഗമം കളക്ടർ അജിത് പാട്ടീൽ ഉദ്ഘാടനം ചെയ്തു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.എസ് രാജീവ് അദ്ധ്യക്ഷത വഹിച്ചു.

നഗര ദാരിദ്ര്യ നിർമാർജന പ്രവർത്തനങ്ങളിൽ നിർണായക സ്വാധീനം ചെലുത്തി ദരിദ്രജീവിതങ്ങളിൽ സമൂലമാറ്റം വരുത്തുന്നതിന് കുടുംബശ്രീ വഴി വിജയകരമായി നടപ്പാക്കുന്ന പദ്ധതിയാണ് സ്വർണ ജയന്തി ഷഹരി റോസ്ഗാർ യോജന. കുടുംബശ്രീ സംരംഭ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുക, പുതിയ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് നൂതന സംരംഭങ്ങൾ പരിചയപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് മേള സംഘടിപ്പിച്ചത്. കൂടാതെ സംരംഭം തുടങ്ങുന്നതിനാവശ്യമായ മികച്ച വൈദഗ്ധ്യ പരിശീലനവും പിന്തുണയും നൽകുക എന്നതും മേളയുടെ ലക്ഷ്യമാണ്.

.സംരംഭക മേളയിൽ ജില്ലയിലെ ആയിരത്തിലധികം കുടുംബശ്രീ അംഗങ്ങൾ പങ്കെടുത്തു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി പദ്ധതി വിശദീകരണം നടത്തി. കുടുംബശ്രീയും ധനകാര്യ സ്ഥാപനവും എന്ന വിഷയത്തെക്കുറിച്ച് ജില്ലാ ലീഡ് ബാങ്ക് ഡെവലപ്മെന്റ് മാനേജർ ബാബു ഗണേഷ് സംസാരിച്ചു. കുടുംബശ്രീ സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ് പദ്ധതി നിർവഹണ ഏജൻസികളെ പരിചയപ്പെടുത്തി.

ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ ഷൈൻ.എം.സിറിയക് സ്വാഗതം പറഞ്ഞു. മുൻ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സൂസൻ ബെഞ്ചമിൻ, മുൻ അസി. കോ-ഓർഡിനേറ്റർ കെ.പി. സെലീനാമ്മ, ജെൻഡർ ടീം ലീഡർ സോയ തോമസ് തുടങ്ങിയവർ ആശംസാ പ്രസംഗം നടത്തി. മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് വെന്റിഷ് ജോയ് കൃതജ്ഞത പറഞ്ഞു.

## കോട്ടയം




*കുടുംബശ്രീയുടെ നേതൃത്വത്തിൽ കോട്ടയത്ത് സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമത്തിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സി.ശോഭാലക്ഷ്മി സംസാരിക്കുന്നു*

കുടുംബശ്രീയുടെ നേതൃത്വത്തിൽ കോട്ടയത്ത് സംഘടിപ്പിച്ച ജില്ലാതല സംരംഭക സംഗമം കളക്ടർ അജിത് കുമാർ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ഡയറക്ടർ എസ്. പത്മനാഭപിള്ള അദ്ധ്യക്ഷത വഹിച്ചു.

തിരഞ്ഞെടുത്ത സംരംഭക ഏജൻസികൾ തങ്ങളുടെ സംരംഭം, ഉൽപന്നം, ലഭ്യമാകുന്ന സേവനങ്ങൾ എന്നിവയെ കുറിച്ച് വിശദീകരിച്ചു. നഗരസഭയിലെ വിജയിച്ച സംരംഭങ്ങൾ നടത്തുന്ന കുടുംബശ്രീ അംഗങ്ങൾ വിജയാനുഭവങ്ങൾ പങ്കുവച്ചു.

മൈക്രോ സംരംഭക സംഗമവും അതിന്റെ പ്രത്യേകതകളും, കൂടാതെ ഇത്തരം സംരംഭങ്ങൾ നഗരപ്രദേശങ്ങളിലെ ദരിദ്രജനവിഭാഗത്തിന് എപ്രകാരം ഗുണകരമാകുന്നു എന്നതിനെകുറിച്ചും കുടുംബശ്രീ സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ് വിശദീകരിച്ചു.

ജില്ലയിലെ എല്ലാ നഗരസഭാ പ്രദേശങ്ങളിലുമുള്ള കൗൺസിലർമാർ, മെമ്പർ സെക്രട്ടറിമാർ, സി.ഡി,എസ്-എ.ഡി.എസ് പ്രതിനിധികൾ, ബ്ളോക്ക് പഞ്ചായത്ത് പ്രതിനിധികൾ, മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റ്മാർ, വിവിധ പരിശീലന ഗ്രൂപ്പുകളായ ശ്രദ്ധ, സാബ്, സ്ട്രീം, ഡ്രീം, എക്സാത്ത് എന്നിവയിലെ അംഗങ്ങൾ ഉൾപ്പെടെ എഴുനൂറോളം പേർ മേളയിൽ പങ്കെടുത്തു.

കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ സി.ശോഭലക്ഷ്മി സ്വാഗതം പറഞ്ഞു.ജില്ലാ ലീഡ് ബാങ്ക് മാനേജർ ടി.പി നാരായണൻ, നബാർഡ് മാനേജർ ഷാജി സ്കറിയ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വി.ആർ സന്തോഷ്, കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ.എസ്.സലിം, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ അജിത് ചാക്കോ, അസി.കോ-ഓർഡിനേറ്റർമാരായ രമേഷ് പി, എൽ.സുദർശൻ, ജോസ് ജോൺ എന്നിവർ പങ്കെടുത്തു.

## ആലപ്പുഴയിൽ കുടുംബശ്രീ ബാലപാർലമെന്റ്

ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കുടുംബശ്രീ ബാലസഭാംഗങ്ങൾക്കായി മോഡൽ ബാലപാർലമെന്റ് സംഘടിപ്പിച്ചു.

പഞ്ചായത്ത് പ്രസിഡന്റ് ഗീതാ കാർത്തികേയൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പ്രസന്നൻ എന്നിവർ കുട്ടികളുടെ മോഡൽ പാർലമെന്റിനെ കുറിച്ച് വിശദീകരിച്ചു.

ബാലപാർലമെന്റ് പ്രസിഡന്റ് അർജുൻ, സ്പീക്കർ ആർച്ച അനിൽ, പ്രതിപക്ഷ നേതാവ് ഗോപിക, കുട്ടികളുടെ പ്രധാനമന്ത്രി മീനു, വാർഡ് മെമ്പർമാരായ പി.എൻ.കെ നായർ, റജി പുഷ്പാംഗദൻ, ബാലസഭാ കോ-ഓർഡിനേറ്റർ അംബികാ മോഹൻ, പരിശീലകൻ പ്രസാദ് ദാസ് എന്നിവർ സംസാരിച്ചു.

## മലപ്പുറം

കുടുംബശ്രീ മലപ്പുറം ജില്ലാ മിഷന്റെ നേതൃത്വത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ച സംരംഭക സംഗമത്തിന്റെ ഉദ്ഘാടനനം ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ മുഹമ്മദ് ഇസ്മായിൽ നിർവ്വഹിച്ചു. അസി..കോ-ഓർഡിനേറ്റർ കെ.അബ്ദുൽ നാസർ അദ്ധ്യക്ഷത വഹിച്ചു.

വ്യക്തിഗത, ഗ്രൂപ്പ് തൊഴിൽ പദ്ധതികളിൽ തൽപരരായ ജില്ലയിലെ കുടുംബശ്രീ അംഗങ്ങളെ കണ്ടെത്തി പുത്തൻ സംരംഭ മേഖലയിലേക്ക് നയിക്കുന്നതിനും പരിശീലനം നൽകാനും വായ്പാ സ്രോതസുകൾ പരിചയപ്പെടുത്താനുമായാണ് ജില്ലാ മിഷൻ മലപ്പുറത്ത് സംരംഭക സംഗമം സംഘടിപ്പിച്ചത്. നുറുകണക്കിന് അയൽക്കൂട്ട അംഗങ്ങൾ പങ്കെടുത്ത മേളയിൽ അനുഭവങ്ങൾ പങ്കുവയ്ക്കലും സുസ്ഥിര വരുമാനം കണ്ടെത്തുന്നതിനെക്കുറിച്ചുള്ള ക്ലാസുകളും നടന്നു. ലീഡ് ബാങ്ക് മാനേജർ എം.പി സത്യനാരായണൻ സംരംഭക മേളയിലെ എക്സിബി.ഷൻ ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗ്ഗീസ് , അസി..കോ-ഓർഡിനേറ്റർ സജയ്. പി എന്നിവർ സംബന്ധിച്ചു. അസി..കോ-ഓർഡിനേറ്റർ ഹഫീസ് ഷാഹി നന്ദിയും പറഞ്ഞു.

## കുടുംബശ്രീയുടെ നേതൃത്വത്തിൽ 'വേനൽതുമ്പി ' ക്യാമ്പ്

മലപ്പുറം നഗരസഭ കുടുംബശ്രീ സി.ഡി.എസ് രണ്ടിന്റെ നേതൃത്വത്തിൽ 'വേനൽതുമ്പി' ക്യാമ്പ് സംഘടിപ്പിച്ചു. മലപ്പുറം നഗരസഭാ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സി.എച്ച് ജമീല ഉദ്ഘാടനം ചെയ്തു. സി.ഡി.എസ് ചെയർപേഴ്സൺ സി.പി സഫീന അദ്ധ്യക്ഷത വഹിച്ചു.

ജില്ലാപഞ്ചായത്ത് വിജയഭേരി കോ-ഓർഡിനേറ്റർ സലിം കുരുവമ്പലം, നഗരസഭാ കൗൺസിലർമാരായ തങ്ങളകത്ത് സലീന, സുജാത, പരമേശ്വരൻ, സി.ഡി.എസ് ഭാരവാഹികളായ ഖദീജ പി, സുലൈഖ എം., സൈനബ, ആദില ഷേറിൻ, ജസീൽ പറമ്പൻ എന്നിവർ പ്രസംഗിച്ചു. അഷ്റഫ് മലയിൽ ക്ളാസ് നയിച്ചു.

## തൃശൂർ



*കുടുംബശ്രീ തൃശൂർ ജില്ലാമിഷൻ സംഘടിപ്പിച്ച സംരംഭക സംഗമം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി ഉദ്ഘാടനം ചെയ്യുന്നു*

കുടുംബശ്രീയുടെ നേതൃത്വത്തിൽ തൃശൂർ ജില്ലാമിഷൻ സംഘടിപ്പിച്ച എസ്.ജെ.എസ്.ആർ.വൈ സംരംഭക സംഗമം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി ഉദ്ഘാടനം ചെയ്തു. ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി. അബ്ദുൾ മജീദ് അദ്ധ്യക്ഷത വഹിച്ചു.

കുടുംബശ്രീ സംസ്ഥാന മിഷൻ സോഷ്യൽ ഡെവലപ്മെന്റ് സ്പെഷ്യലിസ്റ്റ് മനോഹർ വർഗീസ് പദ്ധതി വിശദീകരണം നടത്തി. ജില്ലയിലെ മികച്ച സംരംഭകർ അവരുടെ അനുഭവങ്ങൾ പങ്കുവച്ചു. മികച്ച വരുമാനം ഉറപ്പുവരുത്തുന്ന എമു, താറാവ് എന്നിവ വളർത്തുന്നതിനുള്ള മാർഗനിർദേശങ്ങൾ, ആധുനിക രീതിയിലുള്ള കോഴിക്കൂട്, പുകയില്ലാത്ത അടുപ്പുകൾ, വിവിധ കുടുംബശ്രീ ഉൽപന്നങ്ങൾ എന്നിവയും പ്രദർശനത്തിലുണ്ടയിരുന്നു. തിരഞ്ഞെടുത്ത സംരംഭക ഏജൻസികൾ അതത് മേഖലയിലെ നൂതന ആശയങ്ങൾ അവതരിപ്പിച്ചു.

തൃശൂർ ജില്ലയിലെ ഏഴ് നഗരസഭാ സിഡിഎസുകളിൽ നിന്നും ഗ്രാമീണ സിഡിഎസുകളിൽ നിന്നും 1500ലധികം കുടുംബശ്രീ അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. മുനിസിപ്പൽ സെക്രട്ടറി പി.എം. പോൾ, മുനിസിപ്പൽ ആക്ടിംഗ് ചെയർമാൻ ആന്റോ പെരുമ്പിള്ളി, മുൻ ചെയർപേഴ്സൺ സോണിയ ഗിരി, അന്നമ്മ സൈമൺ എന്നിവർ ആശംസാ പ്രസംഗം നടത്തി. കുടുംബശ്രീ അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ ഡോ.ബിന്ദു. പി. വർഗീസ് സ്വാഗതവും അസി.കോ-ഓർഡിനേറ്റർ പി.എം. ഹംസ നന്ദിയും പറഞ്ഞു.

## കുടുംബശ്രീ പ്രവർത്തനങ്ങൾ പഠിക്കാൻ കേന്ദ്രസംഘം

കേന്ദ്രസർക്കാരിന്റെ വിവിധ മന്ത്രാലയങ്ങൾക്ക് കീഴിലുള്ള അണ്ടർ സെക്രട്ടറി തസ്തികയിലുള്ള എട്ട് ഉദ്യോഗസ്ഥർ കേരളത്തിലെ കുടുംബശ്രീ സംവിധാനത്തെക്കുറിച്ചും സ്ത്രീ സാമൂഹ്യ ശാക്തീകരണത്തെക്കുറിച്ചും നേരിൽ കണ്ടു മനസ്സിലാക്കുന്നതിനായി പാലക്കാട് കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസ് സന്ദർശിച്ചു.

കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും വന്ദന ചൗധരി, കേന്ദ്ര സാമൂഹ്യനീതി വകുപ്പിൽ നിന്നും രാജേഷ് കുമാർ സിൻഹ, എൻ.എസ്. വെങ്കടേശ്വരൻ കേന്ദ്ര ന്യൂനപക്ഷ കമ്മീഷനെ പ്രതിനിധീകരിച്ച് വിനായക് മിശ്ര, കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ നിന്നും സുനിൽകമാർ സിംഗ്, കേന്ദ്ര വാണിജ്യ മന്ത്രാലയത്തിൽ നിന്നും മുനീഷ് കുമാർ, കേന്ദ്ര വിവരാവകാശ കമ്മീഷൻ അണ്ടർ സെക്രട്ടറി എസ്.കെ. റബ്ബാനി, കേന്ദ്ര റവന്യൂ മന്ത്രാലയത്തിൽ നിന്നും നരേന്ദ്രകുമാർ എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. ജില്ലയിൽ കുടുംബശ്രീ നടപ്പാക്കുന്ന വിവിധ മാതൃകാ പദ്ധതികൾ, പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി. ഉണ്ണികൃഷ്ണൻ വിശദീകരിച്ചു.

കുടുംബശ്രീ യൂണിറ്റുകളായ പുതുമ ഇളനീർ പാർലർ, സരോവരം കാന്റീൻ, ഹഡ്കോ-കുടുംബശ്രീ സംയുക്ത സംരംഭമായ വനിതാ കെട്ടിട നിർമാണ പരിശീലനം, കണ്ണാടി ന്യൂട്രിമിക്സ് യൂണിറ്റ്, പറളി സമഗ്ര കൊണ്ടാട്ടം യൂണിറ്റ്, മാത്തൂർ ബഡ്സ് സ്കൂൾ, കരിമ്പ സംഘകൃഷി യൂണിറ്റ്, പട്ടികവർഗ അയൽക്കൂട്ടം, ബാലപഞ്ചായത്ത് എന്നിവ കേന്ദ്ര സംഘം സന്ദർശിച്ചു. അസി.ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.വി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ജില്ലാമിഷൻ ടീം അംഗങ്ങളായ മിനി, മുരളീധരൻ, ബിബിൻ മാനുവൽ, ബാബുരാജ് എന്നിവർ സംഘത്തെ അനുഗമിച്ചു.

## വയനാട്ടിൽ കുടുംബശ്രീ വേതനം ബാങ്ക് എ.ടി.എമ്മിലൂടെ




*വയനാട്ടിൽ കുടുംബശ്രീ വേതനം എ.ടി.എമ്മിലൂടെ നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം തരിയോട് സി.ഡി,എസ് ചെയർപേഴ്സൺ ജെസിക്ക് എ.ടി.എം കാർഡ് നൽകിക്കൊണ്ട് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി നിർവഹിക്കുന്നു*

വയനാട് ജില്ലയിൽ കുടുംബശ്രീ വേതനം ബാങ്ക് എ.ടി.എം വഴി ലഭ്യമാക്കുന്ന പദ്ധതിക്കു തുടക്കമായി. ഇതോടെ കുടുംബശ്രീയുടെ വേതനം എ.ടി.എമ്മിലൂടെ നൽകുന്ന പദ്ധതി നടപ്പാക്കിയ സംസ്ഥാനത്തെ ആദ്യ ജില്ലയായി വയനാട്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൈനാട്ടി ബ്രാഞ്ചും കുടുംബശ്രീ ജില്ലാമിഷനും സംയുക്താമായാണ് പദ്ധതി നടപ്പാക്കിയത്.

കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർക്കുള്ള ഓണറേറിയം, സി.ഡി.എസ് അക്കൗണ്ടന്റുമാർ, സ്കിൽ ആൻഡ് പ്ലേസ്മെന്റ്, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, ജില്ലാമിഷൻ ജീവനക്കാർ തുടങ്ങിയവർക്കുള്ള വേതനം ഇനി മുതൽ ബാങ്ക് എ.ടി.എമ്മിലൂടെ വിതരണം ചെയ്യും. മുഴുവൻ അംഗങ്ങൾക്കും ബാങ്ക് പാസ്ബുക്കും എ.ടി.എം കാർഡും ഇതിനകം ഉറപ്പ് വരുത്തിയിട്ടുണ്ട്.

കുടുംബശ്രീ സംസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വത്സലകുമാരി പദ്ധതിയുടെ ഭാഗമായുള്ള എ.ടി.എം കാർഡുകളുടെ വിതരണോദ്ഘാടനം നിർവഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ പി.പി. മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. അസി.കോ-ഓർഡിനേറ്റർ കെ.കെ. മുംതാസ് കാസിം സ്വാഗതം പറഞ്ഞു. കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ, സി.ഡി.എസ് അക്കൗണ്ടന്റുമാർ, മഹിളാ കിസാൻ സശാക്തീകരൺ പരിയോജന ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

### മൃഗസംരക്ഷണ പദ്ധതികൾക്കായി

# കുടുംബശ്രീയും പൂക്കോട് വെറ്ററിനറി സർവകലാശാലയും കൈകോർക്കുന്നു

**വിദൂര വിദ്യാഭ്യാസ രീതിയിൽ സർവകലാശാല നടത്തുന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റത്തിൽ ഒരു വർഷത്തെ ഡിപ്ളോമ നേടാൻ കുടുംബശ്രീ പ്രവർത്തകർക്ക് അവസരം**

മൃഗസംരക്ഷണ, പരിപാലന രംഗത്ത് പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ കുടുംബശ്രീയും പൂക്കോട് വെറ്ററിനറി സർവ്വകലാശാലയും തീരുമാനിച്ചു. പദ്ധതികളും പരിപാടികളും തയ്യാറാക്കുന്നതിനായി ഉപസമിതി രൂപീകരിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കും.

മൃഗസംരക്ഷണ, പരിപാലന രംഗത്ത് കുടുംബശ്രീ സംസ്ഥാന തലത്തിൽ വിവിധങ്ങളായ പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. കുടുംബശ്രീ സംസ്ഥാന മിഷന്റെ അനുമതിയോടെ ത്രിതല പഞ്ചായത്തുകളുടെ സഹകരണം ഉറപ്പാക്കി സി.ഡി. എസുകളുടെ നേതൃത്വത്തിലാണ് പദ്ധതികൾ നടപ്പാക്കി വരുന്നത്. ദാരിദ്ര്യ നിർമാർജനത്തിന്റെ ഭാഗമായി ഉപജീവന സംരംഭങ്ങളിലൂടെ വരുമാനം ഉറപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

അക്കാദമിക പിന്തുണയുടെ ഭാഗമായി ഡിപ്ളോമ ഇൻ ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം, കമ്മ്യൂണിറ്റി കോളേജ്, കോഴിക്കൂട്ടം പദ്ധതി, പാരാവെറ്റ്(മൃഗസംരക്ഷണ ലിങ്കേജ് വർക്കേഴ്സ്), ജില്ലകളിൽ റിസോഴ്സ് സെന്ററുകൾ(വിവര സാങ്കേതിക വിനിമയം), ഉപജീവന സംരംഭകർക്കുള്ള വിവിധ പരിശീലനങ്ങൾ, അധിക വരുമാനദായക പ്രവർത്തനങ്ങൾ, വില്ലേജ് റിസോഴ്സ് സെന്ററുകളിലൂടെ വിവര വിനിമയം, തുടങ്ങിയവയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുക.

വിദൂര വിദ്യാഭ്യാസ രീതിയിൽ സർവകലാശാല നടത്തുന്ന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റത്തിൽ ഒരു വർഷത്തെ ഡിപ്ളോമ നേടാൻ കുടുംബശ്രീ പ്രവർത്തകർക്ക് അവസരവും ലഭിക്കും. ഇതിന് പ്രായപരിധിയില്ല. പത്താംക്ലാസ് യോഗ്യതയുള്ള ഏതൊരു കുടുംബശ്രീ വനിതയ്ക്കും സംയോജിത കൃഷിരീതികളെ കുറിച്ച് തികച്ചും ശാസ്ത്രീയമായ പഠനം നടത്താനുള്ള മികച്ച അവസരം കൂടി ലഭ്യമാക്കുന്നതാണ് പദ്ധതി.

മൃഗസംരക്ഷണ പരിപാലന രംഗത്തെ സംയുക്ത നീക്കം കുടുംബശ്രീ പ്രവർത്തകർക്ക് ഏറെ ഗുണം ചെയ്യും, കൂടാതെ മുട്ട, പാൽ, ഇറച്ചി ഉൽപാദനം ഉയർത്താനും വരുമാനം വർദ്ധിപ്പിക്കാനും സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാനും ഉദ്ദേശിച്ചാണ് ഈ കൂട്ടായ്മ.

ആട് ഗ്രാമം , ക്ഷീര സാഗരം, കോഴിക്കൂട്ടം, പദ്ധതികൾക്ക് പുറമെ മുയൽ വളർത്തൽ, പോത്ത്കുട്ടി പരിപാലനം, കാട വളർത്തൽ, താറാവ് വളർത്തൽ, പശു വളർത്തൽ തുടങ്ങിയ പരിപാടികളും കുടുംബശ്രീ സംസ്ഥാനതലത്തിൽ ഏറ്റെടുത്ത് നടപ്പാക്കും. തിരഞ്ഞെടുത്ത ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിലായിരിക്കും ഇത് നടപ്പാക്കുക.

വരുമാനദായക പ്രവർത്തനങ്ങൾക്കൊപ്പം ഇറച്ചി, മുട്ട, പാൽ എന്നിവയുടെ ഉൽപാദനം ഉയർത്താനും വിപണി ഉറപ്പു വരുത്താനും കുടുംബശ്രീക്ക് കഴിയുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി പുതുമയോടെ ശാസ്ത്രീയമായി നടപ്പാക്കാനും പ്രചരിപ്പിക്കാനും ഏകോപിപ്പിക്കാനും നൂതനാശയങ്ങളും സാങ്കേതിക വിദ്യകളും പങ്ക് വെക്കാനും സംയുക്ത നീക്കത്തിലൂടെ സാധിക്കും.

സാങ്കേതിക സഹായങ്ങൾ, ശാസ്ത്രീയ പരിശീലനം, മറ്റു പിന്തുണാ സംവിധാനങ്ങൾ, തൽസമയ പിന്തുണ തുടങ്ങിയ സഹായങ്ങൾ എന്നിവ സർവകലാശാലയിലൂടെ കുടുംബശ്രീ സംരംഭകർക്ക് ലഭിക്കും. കൂടാതെ മൃഗസംരക്ഷണ പരിപാലന രംഗത്ത് സർവ്വകലാശാലയിൽ നിന്ന് കണ്ടെത്തുന്ന നൂതനാശയങ്ങൾ കുടുംബശ്രീയിലൂടെ വ്യാപിപ്പിക്കാനും ജനകീയവൽകരിക്കാനും കഴിയും. വയനാട് ജില്ലയിലെ വില്ലേജ് റിസോഴ്സ് സെന്ററുകളുടെ (വി.ആർ.സി) സേവനവും ഇതിനായി ഉപയോഗിക്കും.

### കുടുംബശ്രീ പൂക്കോട് സർവകലാശാല: സംയുക്ത ശിൽപശാല

കുടുംബശ്രീയും പൂക്കോട് വെറ്ററിനറി സർവ്വകലാശാലയും മൃഗസംരക്ഷണ പരിപാലന രംഗത്ത് പുതിയ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി പൂക്കോട് സർവകലാശാലയിൽ സംസ്ഥാന തല സംയുക്ത ശിൽപശാല സംഘടിപ്പിച്ചു. പദ്ധതികളും പരിപാടികളും തയ്യാറാക്കുന്നതിനായാണ് ശിൽപശാല സംഘടിപ്പിച്ചത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി വത്സലകുമാരി, പൂക്കോട് വെറ്ററിനറി സർവകലാശാല വൈസ് ചാൻസലർ ഡോ. ബി.അശോക് ഐ.എ.എസ് എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി. പൂക്കോട് വെറ്ററിനറി സർവകലാശാല ഡി.ഇ. ഡോ. എസ്.രാംകുമാർ, കുടുംബശ്രീ പ്രോഗ്രാം മാനേജർ ഡോ. എസ്.സലീം എന്നിവർ പദ്ധതി വിശദീകരണം നടത്തി. സർവകലാശാല ഉന്നത ഉദ്യോഗസ്ഥർ, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർ, അസി.കോ-ഓർഡിനേറ്റർമാർ തുടങ്ങിയവർ ശിൽപശാലയിൽ പങ്കെടുത്തു.

### പട്ടികവർഗ സുസ്ഥിര വികസന പരിപാടി:

# കുടുംബശ്രീ വനിതകൾക്ക് തയ്യൽ പരിശീലനം



*കണ്ണൂർ ജില്ലാമിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സംഘടിപ്പിച്ച തയ്യൽ മെഷീൻ ബേസിക് ഓപ്പറേറ്റിംഗ് പരിശീലനത്തിൽ പങ്കെടുക്കുന്ന കുടുംബശ്രീ വനിതകൾ*

കുടുംബശ്രീ കണ്ണൂർജില്ലാ മിഷനും അംഗീകൃത പരിശീലന സ്ഥാപനമായ അപ്പാരൽ ട്രെയിനിംഗ് ആൻഡ് ഡിസൈൻ സെന്ററും ചേർന്ന് ജില്ലയിലെ ഉളിക്കൽ, പടിയൂർ ഗ്രാമപഞ്ചായത്തുകളിലെ 45 പട്ടികവർഗ വനിതകൾക്ക് ഒന്നര മാസത്തെ തയ്യൽ മെഷീൻ ബേസിക് ഓപ്പറേറ്റിംഗ് പരിശീലനം നൽകി.

പട്ടികവർഗ വനിതകൾക്ക് വസ്ത്ര നിർമാണമേഖലയിൽ കൂടുതൽ വൈദഗ്ധ്യവും തൊഴിലും നൽകുന്നതിന്റെ ഭാഗമായാണ് തയ്യൽപരിശീലനം സംഘടിപ്പിച്ചത്. കൂടാതെഈ മേഖലയിൽ കൂടുതൽ പ്രഫഷണലിസം കൈവരുത്തുന്നതിനും കുടുംബശ്രീ പരിശീലന പരിപാടി ഏറെ സഹായകമായി.

ഉളിക്കൽ സിഡിഎസിലെ 31 വനിതകളും പടിയൂർ സിഡിഎസിലെ 14 വനിതകളും പരിശീലനത്തിൽ പങ്കെടുത്തു. ജില്ലാമിഷന്റെ സാമ്പത്തിക സഹായത്തോടെയായിരുന്നു പരിശീലനം.

വനിതകളുടെ മാനസിക-ശാരീരിക ആരോഗ്യ സംരംക്ഷണത്തിന് യോഗ, വ്യക്തിത്വ വികസനം, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയുൾപ്പെടെ വിവിധ വിഷയങ്ങൾ പരിശീലന മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നു. കൂടാതെ ആധുനിക തയ്യൽ മെഷീൻ കൺട്രോൾ ട്രെയിനിംഗ് എന്നിവ സംബന്ധിച്ച തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ ഉൾപ്പെട്ടതായിരുന്നു പരിശീലനം.

ജില്ലാമിഷനും മരിയൻ അപ്പാരൽസും ചേർന്ന് നടത്തിയ ക്യാമ്പസ് ഇന്റർവ്യൂവിൽ ഇതിനകം 13 പേരെ തിരഞ്ഞെടുത്ത് തൊഴിൽ നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സംവിധാനം ജില്ലാമിഷൻ ഏർപ്പെടുത്തും.



*കണ്ണൂർ ജില്ലാ മിഷന്റെ നേതൃത്വത്തിൽ പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്കായി സംഘടിപ്പിച്ച തയ്യൽ പരിശീലനത്തിൽ പങ്കെടുത്ത കുടുംബശ്രീ വനിതകൾ*

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: S.Padmanabha Pillai. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com
For private circulation